REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-05-2026 സമയം 6.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യക്കും സൈപ്രസിനുമിടയിൽ സഹകരണത്തിന് അപാര സാധ്യതയുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**
- **19-ാമത് റോസ്ഗർ മേളയിൽ ഇന്ന് 51,000-ലേറെ ഉദ്യോഗാർത്ഥികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നിയമന ഉത്തരവുകൾ കൈമാറും.**
- **സംസ്ഥാനത്തെ പൊലീസ് സൂപ്രണ്ടുമാർ മുതൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ യോഗം രാവിലെ തിരുവനന്തപുരം പൊലീസ് ആസ്ഥാനത്ത്.**
- **KSRTC-യിൽ സ്ത്രീകൾക്ക് സൗജന്യയാത്ര നൽകുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ ഗവൺമെന്റിന് കൈമാറി.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തത്തിന് വിലക്ക്.**
- **IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചാലഞ്ചേഴ്സ് ബംഗലൂരുവിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഇന്ത്യക്കും സൈപ്രസിനുമിടയിൽ സഹകരണത്തിന് അപാര സാധ്യതകളുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. സെമി കണ്ടക്ടർ, ബഹിരാകാശം, നിർമ്മിത ബുദ്ധി തുടങ്ങിയ മേഖലകളിൽ ഇതിന് അവസരങ്ങൾ ഉണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. സൈപ്രസ് പ്രസിഡന്റ്

നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സിന് നൽകിയ വിരുന്നിന് ശേഷം സംസാരിക്കുകയായിരുന്നു ദ്രൗപദി മുർമു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........വോയ്സ്...........

നേരത്തെ, പ്രധാനമന്ത്രി നരേന്ദ്ര മോദിയും നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഭീകരതയെ ചെറുക്കുന്നതിന് ബഹുമുഖ ശ്രമങ്ങൾ ശക്തിപ്പെടുത്താനും അന്താരാഷ്ട്ര ഭീകരതയിൽ സമഗ്ര നടപടിയെടുക്കാനും സംയുക്ത പ്രസ്താവനയിൽ ഇരുനേതാക്കളും തീരുമാനിച്ചു. തീവ്രവാദം, തീവ്രവാദത്തിനായി ധനസഹായം, കള്ളപ്പണം വെളുപ്പിക്കൽ എന്നിവയെ ചെറുക്കുന്നതിനും , ഭീകരരുടെ സുരക്ഷിത താവളങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാതാക്കുന്നതിനും അവർ ആഹ്വാനം ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി 19-ാമത് റോസ്ഗർ മേളയിൽ ഇന്ന് 51,000-ലേറെ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ കൈമാറും. ഗവൺമെന്റ് വകുപ്പുകളിലും, സ്ഥാപനങ്ങളിലും നിയമനം ലഭിച്ചവരെ അദ്ദേഹം വിഡിയോ കോൺഫെറൻസിലൂടെ അഭിസംബോധന ചെയ്യും. രാവിലെ 11നാണ് ചടങ്ങ്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.......

രാജ്യത്തെ 47 കേന്ദ്രങ്ങളിൽ റോസ്ഗർ മേള സംഘടിപ്പിച്ചിട്ടുണ്ട്. റെയിൽവെ - ആഭ്യന്തര - ആരോഗ്യ കുടുംബ ക്ഷേമ - ഉന്നത വിദ്യാഭ്യാസ മന്ത്രാലയങ്ങളിലും വകുപ്പുകളിലും നിയമനം ലഭിച്ചവർക്കാണ് ഉത്തരവ് കൈമാറുന്നത്.

പാലക്കാട്ടെ റോസ്ഗാർ മേളയിൽ രാവിലെ 11ന് കേന്ദ്രമന്ത്രി HD കുമാരസ്വാമി മുഖ്യാതിഥിയാകും. തിരുവനന്തപുരത്ത് ദക്ഷിണ റെയിൽവേ സംഘടിപ്പിക്കുന്ന മേളയിൽ, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി 130-ഓളം ഉദ്യോഗാർത്ഥികൾക്ക് നിയമനക്കത്തുകൾ വിതരണം ചെയ്യും.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഡിവിഡൻഡായി കേന്ദ്ര ഗവൺമെന്റിന് രണ്ട് ലക്ഷത്തി 86,000 കോടി രൂപ കൈമാറാൻ റിസർവ് ബാങ്ക് ഡയറക്ടർ ബോർഡ് യോഗം അംഗീകാരം നൽകി. ഇന്നലെ മുംബൈയിൽ RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർമാരുടെ 623-ാമത് യോഗത്തിലാണ് തീരുമാനം.

✪✪✪

ഹ്രസ്വദൂര ബാലിസ്റ്റിക് മിസൈൽ അഗ്നി-1 ഒഡിഷയിലെ ചാന്ദിപൂർ പരീക്ഷണ കേന്ദ്രത്തിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു. രാജ്യത്തിന്റെ തന്ത്രപരമായ രാജ്യരക്ഷാ തയ്യാറെടുപ്പും ശേഷിയും പ്രകടമാക്കുന്ന ചരിത്രപരമായ നേട്ടമാണിതെന്ന് രാജ്യരക്ഷാമന്ത്രാലയം വിലയിരുത്തി. കരയിൽ നിന്ന് കരിയിലേക്ക് വിക്ഷേപിക്കുന്ന മിസൈലിന് സാമ്പ്രദായികവും നവീനവുമായ ആയുധങ്ങൾ വഹിക്കാൻ ശേഷിയുണ്ട്.

✪✪✪

രാജ്യത്ത് ആവശ്യത്തിന് പെട്രോൾ, ഡീസൽ ലഭ്യതയുണ്ടെന്നും വിതരണം സുസ്ഥിരമാണെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം അറിയിച്ചു. പരിഭ്രാന്തി ഒഴിവാക്കി യഥാർത്ഥ ആവശ്യത്തിനു മാത്രം ഇന്ധനം വാങ്ങണമെന്ന് മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ ആവശ്യപ്പെട്ടു.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഉത്തരക്കടലാസ് സ്കാൻ പകർപ്പ് ലഭിക്കാൻ അപേക്ഷിക്കാവുന്ന സമയപരിധി നാളെ വരെ നീട്ടി. നേരത്തെ ഇന്നുവരെയായിരുന്നു അവസരം. CBSE വെബ്സൈറ്റിലെ തിരക്കും സാങ്കേതിക പ്രശ്നങ്ങളും പരിഗണിച്ചാണ് തീരുമാനം.

✪✪✪

സംസ്ഥാനത്തെ പൊലീസ് സൂപ്രണ്ടുമാർ മുതൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ യോഗം രാവിലെ തിരുവനന്തപുരം പൊലീസ് ആസ്ഥാനത്ത് ചേരും. യോഗത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷനായിരിക്കും. അദ്ദേഹം വകുപ്പിന്റെ ചുമതലയേറ്റ ശേഷം ചേരുന്ന ആദ്യയോഗമാണിത്.

✪✪✪

KSRTC-യിൽ സ്ത്രീകൾക്ക് സൗജന്യയാത്ര നൽകുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ ഗവൺമെന്റിന് കൈമാറി. മൂന്ന് മാസത്തെ കണക്കാണ് ഗതാഗത സെക്രട്ടറിക്ക് നൽകിയത്.

ഓർഡിനറി ബസുകളിൽ മാത്രം സൗജന്യം അനുവദിച്ചാൽ പ്രതിമാസം 57 കോടി രൂപയും, ഓർഡിനറി, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസുകളിൽ കൂടി സൗജന്യം നടപ്പാക്കിയാൽ 90 കോടി രൂപയും വരുമാന നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. മുഴുവൻ ബസുകളിലും സൗജന്യയാത്ര അനുവദിച്ചാൽ 112 കോടി നഷ്ടമുണ്ടാകുമെന്നും റിപ്പോർട്ടിൽ പറയുന്നു.

✪✪✪

ന്യൂഡൽഹിയിൽ ഇന്നലെ ആരംഭിച്ച മൂന്ന് ദിവസത്തെ CPIM കേന്ദ്ര കമ്മിറ്റിയോഗം ഇന്നും തുടരും. കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പു ഫലം പുറത്തുവന്ന ശേഷം ചേരുന്ന ആദ്യ യോഗത്തിൽ സംസ്ഥാനത്തെ കനത്ത തോൽവിയിൽ വിശദമായ ചർച്ച നടത്തും.

✪✪✪

നീറ്റ് ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് മുഖ്യ പ്രതികളിൽ ഒരാളെ കൂടി CBI പിടികൂടി. നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഫിസിക്സ് വിദഗ്ധയായി നിയമിച്ച മനീഷ സഞ്ജയ് ഹവൽദാർ ആണ് പൂനെയിൽ അറസ്റ്റിലായത്. ഫിസിക്സ് ചോദ്യപ്പേപ്പർ കാണാനും പരിശോധിക്കാനും മനീഷയ്ക്ക് അവസരം ഉണ്ടായിരുന്നുവെന്ന് CBI കണ്ടെത്തി. കേസിൽ കുറ്റാരോപണം നേരിടുന്ന മനീഷ മന്ധാരെയ്ക്ക് ഇവർ ഫിസിക്സ് ചോദ്യങ്ങൾ ചോർത്തിക്കൊടുത്തുവെന്നാണ് CBI കരുതുന്നത്. ഇതോടെ, കേസിൽ അറസ്റ്റിലായവരുടെ എണ്ണം 11 ആയി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

എറണാകുളം പര്യത്തുകാവ് ഉന്നതി നിവാസികളെ കുടിയിറക്കില്ലെന്നും അവരുടെ നിയമപോരാട്ടം ഗവൺമെന്റ് ഏറ്റെടുക്കുമെന്നും പരമാവധി നിയമസഹായം ലഭ്യമാക്കുമെന്നും മന്ത്രി റോജി M. ജോൺ അറിയിച്ചു. തിങ്കളാഴ്ച കേസിൽ ഹൈക്കോടതിയെ സമീപിക്കുമെന്ന് കളക്ടറേറ്റിൽ ചേർന്ന ഉന്നതി നിവാസികളുടേയും ഉദ്യോഗസ്ഥരെയും യോഗത്തിൽ മന്ത്രി ഉറപ്പു നൽകി. കോടതി വിധി പ്രതികൂലമായാൽ അവർക്ക് വീടും സ്ഥലവും ഉൾപ്പെടെ നൽകി പുനരധിവസിപ്പിക്കുമെന്നും കോടതിയെ സമീപിക്കുന്ന തിങ്കളാഴ്ച വരെ പൊലീസ് നടപടിയുണ്ടാകില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

ലൈഫ് മിഷൻ പദ്ധതി, നിർത്തലാക്കുന്നതിനെ കുറിച്ച് ആലോചിച്ചിട്ടില്ലെന്ന് മന്ത്രി KM ഷാജി കോഴിക്കോട്ട് മാധ്യമങ്ങളെ അറിയിച്ചു. വിഷയത്തിൽ വിശദമായ പഠനം ആവശ്യമാണെന്നും അതിന് ശേഷം മന്ത്രിസഭായോഗം ചേർന്നായിരിക്കും അന്തിമ തീരുമാനം എടുക്കുകയെന്നും അദ്ദേഹം പറഞ്ഞു.

തെരുവുനായ പ്രശ്നത്തിൽ സുപ്രീംകോടതി നിർദേശമനുസരിച്ച് നടപടി എടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. തദേശ സ്ഥാപനങ്ങളുടെ നഷ്ടമായ അധികാരങ്ങൾ തിരിച്ചുകൊണ്ടുവരുമെന്നും മന്ത്രി KM ഷാജി പറഞ്ഞു.

✪✪✪

മന്ത്രിയായി ചുമതലയേറ്റ ശേഷം ആദ്യമായി രാവിലെ കോഴിക്കോട്ടെത്തുന്ന T സിദ്ദിഖിന് റെയിൽവേ സ്റ്റേഷനിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി സ്വീകരണം നൽകും. തുടർന്ന് DCC ഓഡിറ്റോറിയത്തിൽ സ്വീകരണ യോഗത്തിലും മന്ത്രി പങ്കെടുക്കും.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചാലഞ്ചേഴ്സ് ബംഗലൂരുവിനെ 55 റൺസിന് തോൽപ്പിച്ചു. ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് , പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ലഖ്നൗവിലാണ് മത്സരം.

✪✪✪

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഈ മാസം 25 വരെ ഭാഗീക വൈദ്യുതി തടസ്സം ഉണ്ടായേക്കുമെന്ന് KSEB അറിയിച്ചു.

പവർഗ്രിഡ് കോർപ്പറേഷന്റെ കോഴിക്കോട് 400 KV. സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ തകരാർ പരിഹരിക്കുന്ന സാഹചര്യത്തിലാണ് വൈദ്യുതി തടസ്സമെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

ലോക ജൈവവൈവിധ്യ ദിനത്തോട് അനുബന്ധിച്ച് തപാൽ വകുപ്പ് കേരള സർക്കിൾ പ്രത്യേക കവറുകൾ പുറത്തിറക്കി. ആറ് കവറുകളുടെ സെറ്റാണ് ചിത്രങ്ങളിലെ ജീവികളുടെ സാന്നിധ്യം കണ്ടെത്തിയ പ്രദേശങ്ങളിലെ ആറ് പോസ്റ്റോഫീസുകളിൽ ഒരേ സമയം പ്രകാശനം ചെയ്തത്.

കൊച്ചി സെൻട്രൽ റീജിയൺ പോസ്റ്റ് മാസ്റ്റർ ജനറൽ T നിർമ്മലാ ദേവി കൊച്ചിയിലും, ഡിവിഷൻ സീനിയർ സൂപ്രണ്ട് W.നാഗാദിത്യകുമാർ പാലക്കാട് ഹെഡ് പോസ്റ്റോഫീസിലും, കവറുകൾ പ്രകാശനം ചെയ്തു.

✪✪✪

ഓൺലൈൻ ട്രേഡിങ് തട്ടിപ്പിലൂടെ തിരുവനന്തപുരം കടകംപള്ളി സ്വദേശിയുടെ ഒരു കോടി 20 ലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിലെ പ്രതി പാലക്കാട്ട് പിടിയിലായി. കേസിലെ മുഖ്യ സൂത്രധാരൻ പാലക്കാട് കണ്ണാടി സ്വദേശി രമേശ് ആണ് അറസ്റ്റിലായത്.

തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് ആണ് ഇയാളെ പിടികൂടിയത്.

✪✪✪

വനം വകുപ്പ് കണ്ണൂർ ആറളം ഫാമിൽ നടപ്പാക്കിവരുന്ന ഓപ്പറേഷൻ ഗജമുക്തി പദ്ധതിയിൽ നാല് ദിവസത്തിനിടെ ഒമ്പത് ആനകളെ വനത്തിലേക്ക് തുരത്തി, ദൗത്യം വിജയകരമെന്ന് വനം വകുപ്പ് വിലയിരുത്തി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.....

(........വോയ്സ്.......)

ഈ മാസം 19-ന് ആരംഭിച്ച ദൗത്യത്തിൽ ഫാമിലുണ്ടായിരുന്ന 9 കാട്ടാനകളെ ആറളം വന്യജീവി സങ്കേതത്തിലേക്ക് കയറ്റിവിട്ടു. 6 ആനകൾ കൂടി ഫാം ഏരിയയിൽ ബാക്കിയുണ്ടെന്നാണ് വനംവകുപ്പിന്റെ കണക്കുകൂട്ടൽ. ഇന്നലെ 7 ആനകളെ താളിപ്പാറ വഴി വനത്തിലേക്ക് തുരത്തി . തുടർന്ന് ഹെലിപ്പാട് ഒരു കൊമ്പനെ കൂടി താളിപ്പാറ ഫെൻസിംഗ് വഴി വനത്തിലേക്ക് കടത്തിവിട്ടു .

വനത്തിലേക്ക് കയറ്റിവിട്ട ആനകൾ തിരികെ ഫാമിലേക്ക് പ്രവേശിക്കാതിരിക്കാൻ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയെ മറികടന്നു കൊണ്ടാണ് വനപാലകർ ദൗത്യം നടത്തുന്നത്. ഇന്നും നാളെയും (23,24) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിരീക്ഷണമാണ് വനംവകുപ്പ് ലക്ഷ്യമിടുന്നത്.

ഡ്രോൺ ക്യാമറകൾ, ക്യാമറ ട്രാപ്പുകൾ, നൈറ്റ് വിഷൻ തെർമൽ ബൈനോക്കുലറുകൾ എന്നിവ ഉപയോഗിച്ച് ഫാമിൽ ബാക്കിയുള്ള ആനകളുടെ കൃത്യമായ സ്ഥാനവും എണ്ണവും തിട്ടപ്പെടുത്തും. തുടർന്ന് വരുന്ന തിങ്കളാഴ്ച അടുത്ത ഘട്ട ഡ്രൈവ് പുനരാരംഭിക്കുമെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു

✪✪✪

വ്യാജ രേഖ ചമച്ച് അനധികൃത അവയവദാനം നടത്തിയ കേസിൽ ഒരാളെ കൂടി കൊച്ചി സിറ്റി പൊലീസ് അറസ്റ്റ് ചെയ്തു. കോട്ടയം വാഴൂർ സ്വദേശി മായയാണ് പിടിയിലായത്.

✪✪✪

വടകര ലോക്സഭാ തിരഞ്ഞെടുപ്പ് വേളയിലെ 'വിവാദ സ്ക്രീൻഷോട്ട്' കേസിൽ അന്വേഷണം ഊർജിതമാക്കണമെന്ന് ആവശ്യപ്പെട്ട് പാറക്കൽ അബ്ദുല്ല MLA, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയെ നേരിൽ കണ്ട് കത്ത് നൽകി.

അടിയന്തര നടപടി എടുക്കുമെന്ന് മന്ത്രി ഉറപ്പ് നൽകിയതായും പാറക്കൽ അബ്ദുല്ല പറഞ്ഞു.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ,*
*News Team: അനുഷ ആത്മപ്രകാശ്, മണികണ്ഠൻ*
*DEO: സി കെ സുബോധ്*